# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.611        29.11.2018-ൽ മറുപടിക്ക്**

**ചേന്ദമംഗലം കൈത്തറിയുടെ നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** |
| (എ) പ്രളയത്തിൽ തകർന്ന എറണാകുളം ചേന്ദമംഗലം കൈത്തറിയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കാമോ; | (എ) പ്രളയത്തിൽ തകർന്ന ചേന്ദമംഗലം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി സാദ്ധ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ബഹു.വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളെ ഉൾപ്പെടെ പങ്കെടുപ്പിച്ച് 19.09.2018 ൽ യോഗം ചേർന്ന് പുനരുദ്ധാരണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനെപ്പറ്റി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചിൻ ഷിപ്പ്യാർഡ്, പെട്രോനെറ്റ് എൽ.എൻ.ജി എന്നീ പൊതു മേഖലാ സ്ഥാപനങ്ങൾ, വിവിധ സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ ധനസഹായത്താൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കേടുപാടുകൾ പറ്റിയ 255 തറികളിൽ 219 എണ്ണം ഇതുവരെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 16 ഓളം സർക്കാരിതര സ്ഥാപനങ്ങളുടെ സഹായം ആയതിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 25.10.2018 ൽ യോഗം ചേർന്ന് തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.<br><br>ചേന്ദമംഗലം യാൺ ബാങ്കിന്റെ സ്ഥലത്ത് കൊച്ചിൻ ഷിപ്പ്യാർഡ്, പെട്രോനെറ്റ് എൽ.എൻ.ജി, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലയിലെ എല്ലാ കൈത്തറി സംഘങ്ങൾക്കും പ്രയോജനം ലഭിക്കും വിധം യാൺ ബാങ്ക്, ഡൈയിംഗ് ഹൗസ്, ഡ്രൈയിംഗ് ബ്ലോക്ക് തുടങ്ങിയ സൗകര്യങ്ങളോടെ ഒരു |

കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് ഇൻകെലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇൻകെൽ സമർപ്പിച്ച പ്രൊജക്റ്റ് പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. എറണാകുളം ജില്ലാ കളക്ടർ, എറണാകുളം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുമായി നിരന്തരം ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ വിലയിരുത്തി തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. 2018 ഡിസംബർ 30 നകം എല്ലാ തറികളും പ്രവർത്തനക്ഷമമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) എത്ര കോടി രൂപയുടെ നഷ്ടമാണ് പ്രളയം മൂലം പ്രസ്തുത മേഖലയിൽ ഉണ്ടായിട്ടുള്ളത്; | (ബി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം മൂലം എറണാകുളം ജില്ലയിലെ 9 കൈത്തറി സഹകരണ സംഘങ്ങൾക്കും ചേന്ദമംഗലം യാൺ ബാങ്കിനും വലിയ തോതിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 2.84 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് കൈത്തറി സംഘങ്ങൾക്കുണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുള്ളത്. ചേന്ദമംഗലം കൈത്തറി മേഖലയിലെ 7 സഹകരണ സംഘങ്ങളിലെ 255 തറികൾക്ക് നാശനഷ്ടം (53 തറികൾ പൂർണ്ണമായും 202 തറികൾ ഭാഗികമായും) ഉണ്ടായിട്ടുണ്ട്. കൂടാതെ, സംഘങ്ങൾ ഉൽപാദിപ്പിച്ച ഉണിത്തരങ്ങൾ, നൂലടക്കമുള്ള അസംസ്കൃത വസ്തുക്കൾ, ഫർണീച്ചർ, ഡൈഹൗസ്, വർക്ക്ഷെഡ് തുടങ്ങിയവയെല്ലാം വെള്ളം കയറി നശിച്ചുപോയി. ഇതിന്റെ ഭാഗമായി കൈത്തറി നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ എന്നിവർക്കെല്ലാം തൊഴിൽ നഷ്ടവും ധനനഷ്ടവും ഉണ്ടായിട്ടുണ്ട്. |
| (സി) ചേന്ദമംഗലം കൈത്തറിയെ നവീകരിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) പ്രളയക്കെടുതിയിൽപ്പെട്ട കൈത്തറി തൊഴിലാളികൾക്ക് 6 മാസക്കാലത്തേക്ക് ആവശ്യമായ നൂല് നൽകുന്നതിനും അവ ഉപയോഗിച്ച് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ പൂർണ്ണമായും ശേഖരിക്കുന്നതിനും ഹാന്റക്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ